✎ ടി.കെ ഉബൈദ്



# സൂറ – 35 / ഫാത്വിർ

## സൂക്തം: 38 – 40

സാക്ഷാൽ ദൈവം ഏകനും അഖണ്ഡനും അഗോചരനുമാണ്. ദിവ്യത്വത്തിന് പല അവകാശികളുണ്ടാവുക അസാധ്യം. അതിഭൗതികനും അഗോചരനുമായ സാക്ഷാൽ ദൈവം ഭൗതിക സൃഷ്ടികൾക്ക് ഗോചരമാവുക എന്നതും അപ്രകാരം തന്നെ. ദൈവമല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ്. സൃഷ്ടികളൊക്കെയും അടിമകളും. ഒരു സൃഷ്ടിക്കും സ്രഷ്ടാവിന്റെ ദിവ്യത്വത്തിലോ അധികാരാവകാശങ്ങളിലോ ഒരു പങ്കുമില്ല.

إِنَّ ٱللَّهَ عَٰلِمُ غَيۡبِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ ٣٨

38. അല്ലാഹു വാനഭുവനങ്ങളുടെ അദൃശ്യകാര്യങ്ങളൊക്കെയും അറിയുന്നവനാകുന്നു. മാറിടങ്ങളിലൊളിഞ്ഞിരിക്കുന്നതുപോലും അവൻ കൃത്യമായി അറിയുന്നുണ്ട്.

**38**

إِنَّ ٱللَّهَ عَٰلِمُ غَيۡبِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ = അല്ലാഹു വാനഭുവനങ്ങളുടെ അദൃശ്യ(കാര്യ)ങ്ങൾ (ഒക്കെയും) അറിയുന്നവനാകുന്നു

إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ = മാറിടങ്ങളിലുള്ളത് (ഒളിഞ്ഞിരിക്കുന്നതു പോലും) അവൻ (കൃത്യമായി) അറിയുന്നുണ്ട്

അല്ലാഹു പ്രപഞ്ചത്തിലെ ഗോചരവും അഗോചരവുമായ സകല സംഗതികളും, ഓരോ വ്യക്തിയുടെയും മനസ്സിൽ മറഞ്ഞിരിക്കുന്ന വിചാരങ്ങൾ പോലും കൃത്യമായി അറിയുന്നുണ്ട്. ഈ പ്രസ്താവന രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു; ഒന്ന്, കൃത്യമായ അറിവനുസരിച്ചായിരിക്കും അവർ ഓരോ കാര്യത്തെയും സമീപിക്കുന്നത്. അതിനാൽ മുൻസൂക്തങ്ങളിലെ മുന്നറിയിപ്പുകൾ വെറും വിരട്ടലായി കരുതി തള്ളിക്കളയേണ്ട. നാളെ നിങ്ങളെല്ലാവരും അനുഭവിച്ചറിയാൻ പോകുന്ന യാഥാർഥ്യങ്ങൾ തന്നെയാണത്. രണ്ട്, ഭൗതിക ലോകത്ത് ഒരവസരവും കൂടി തരികയാണെങ്കിൽ സത്യധർമങ്ങളനുഷ്ഠിച്ചു വാണുകൊള്ളാം എന്ന അവരുടെ വാഗ്ദാനം കള്ളമാണെന്നും അവനറിയാം. ഇക്കൂട്ടർക്ക് ഭൗതികലോകത്ത് ഇനിയും അവസരം ലഭിച്ചാലും ആദ്യ അവസരത്തിൽ ചെയ്തതെന്തൊക്കെയാണോ അതൊക്കെ തന്നെയായിരിക്കും അവർ ചെയ്യുക. ●

هُوَ ٱلَّذِي جَعَلَكُمۡ خَلَٰٓئِفَ فِي ٱلۡأَرۡضِۚ فَمَن كَفَرَ فَعَلَيۡهِ كُفۡرُهُۥۖ وَلَا يَزِيدُ ٱلۡكَٰفِرِينَ كُفۡرُهُمۡ عِندَ رَبِّهِمۡ إِلَّا مَقۡتٗاۖ وَلَا يَزِيدُ ٱلۡكَٰفِرِينَ كُفۡرُهُمۡ إِلَّا خَسَارٗا ٣٩

39. അവനാണ് നിങ്ങളെ ഈ ഭൂമിയിൽ പ്രതിനിധികളാക്കി നിശ്ചയിച്ചത്. വല്ലവനും ഈ യാഥാർഥ്യം നിഷേധിച്ചുവെങ്കിൽ ആ നിഷേധത്തിന്റെ ദോഷം അവനു തന്നെ. സത്യനിഷേധികളുടെ നിഷേധം അവരുടെ നാഥങ്കൽ നിന്ദയാർന്ന വെറുപ്പല്ലാതൊന്നും വളർത്തുന്നില്ല. സത്യനിഷേധികളുടെ നിഷേധം അവരുടെ നഷ്ടം മാത്രമേ വളർത്തുന്നുള്ളൂ.

**39**

هُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ فِى ٱلْأَرْضِ = അവനാണ് നിങ്ങളെ ഈ ഭൂമിയിൽ പ്രതിനിധികളാക്കി, പിൻഗാമികളാക്കിയ(ക്കി നിശ്ചയിച്ച)ത്

فَمَن كَفَرَ = വല്ലവനും (ഈ യാഥാർഥ്യം) നിഷേധിച്ചുവെങ്കിൽ

فَعَلَيْهِ كُفْرُهُۥ = അവന്റെ മേൽ തന്നെ അവന്റെ (ആ) നിഷേധം (ധത്തിന്റെ ദോഷം)

وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ = സത്യനിഷേധികൾക്ക് അവരുടെ നിഷേധം വളർത്തുന്നില്ല

عِندَ رَبِّهِمْ = അവരുടെ നാഥങ്കൽ إِلَّا مَقْتًا = (നിന്ദയാർന്ന) വെറുപ്പല്ലാതെ (ഒന്നും)

وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ إِلَّا خَسَارًا = സത്യനിഷേധികൾക്ക് അവരുടെ നിഷേധം നഷ്ടം മാത്രമേ വളർത്തുന്നുള്ളൂ

സത്യധർമങ്ങൾ നിഷേധിക്കുന്നവരെ പൊതുവായി താക്കീതു ചെയ്തശേഷം അന്ത്യപ്രവാചകൻ നേരിട്ടു പ്രബോധനം ചെയ്തിരുന്ന ഖുറൈശികളെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് ഉദ്ബോധിപ്പിക്കുകയാണിനി ഏതാനും സൂക്തങ്ങളിൽ. خَلِيفَة-യുടെ ബഹുവചനമാണ് خَلَٰٓئِفَ. ഖലീഫയുടെയും ഖിലാഫത്തിന്റെയും അർഥം നേരത്തേ *ഖുർആൻ ബോധനം* വിശദമാക്കിയിട്ടുണ്ട്. ഉദാ: *അൽബഖറ* സൂ. 30. ഇവിടെ خَلَٰٓئِفَ കൊണ്ടുദ്ദേശ്യം പിൻഗാമികളാണെന്നും, അല്ല പ്രതിനിധികളാണെന്നും പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. രണ്ടർഥത്തെയും സാധൂകരിക്കുന്നതാണ് സന്ദർഭം. خَلَٰٓئِفَ-നെ പിൻഗാമികളായി ഗണിക്കുന്നവരുടെ വ്യാഖ്യാനം ഇങ്ങനെ: ആദം നബി(അ)ക്കു ശേഷമുള്ള എല്ലാ സമുദായങ്ങളും തലമുറകളും മുൻതലമുറകളുടെയും സമുദായങ്ങളുടെയും പിൻഗാമികളാണ്. ഖുറൈശികളെ അവരുടെ മുൻതലമുറകളുടെ പിന്മുറക്കാരാക്കിയതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഒരു തലമുറയും മുൻതലമുറയുടെ പിന്മുറക്കാരായി സ്വയം ആവിർഭവിക്കുകയല്ല, മറിച്ച് അല്ലാഹു അവരെ പൂർവികരുടെ പിന്മുറക്കാരായി സൃഷ്ടിച്ചു നിശ്ചയിക്കുകയാണ്. ഈ യാഥാർഥ്യബോധം പലർക്കുമില്ല. തങ്ങൾ പ്രകൃത്യാ അങ്ങ് ജനിച്ചു വളർന്നു, അല്ലെങ്കിൽ പൂർവികർ ജനിപ്പിച്ചു വളർത്തി. തങ്ങളുടെ സൗഭാഗ്യങ്ങളൊക്കെ സ്വന്തം സാമർഥ്യം കൊണ്ട്, അല്ലെങ്കിൽ പൂർവികരുടെ മഹത്വം കൊണ്ട് ലഭിച്ചതാണ്. ഇനി ഈ ലോകത്ത് എങ്ങനെ ജീവിക്കണമെന്നും എന്തു പ്രവർത്തിക്കണമെന്നുമൊക്കെ തീരുമാനിക്കേണ്ടത് തങ്ങൾ തന്നെയാണ്. അതിൽ ദൈവത്തിന് കാര്യമൊന്നുമില്ല. ഇതാണ് പലരുടെയും ചിന്താഗതി. നിങ്ങളെ പൂർവികരുടെ പിന്മുറക്കാരാക്കിയത് അല്ലാഹു-هُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ - വാണെങ്കിൽ ആ അല്ലാഹുവിന് തീർച്ചയായും അതിൽ ഒരു ഉദ്ദേശ്യവും ലക്ഷ്യവുമുണ്ടായിരിക്കും. ആ ലക്ഷ്യം അന്വേഷിച്ചു കണ്ടെത്താനും അതനുസരിച്ച് ജീവിതം ക്രമീകരിക്കാനും നിങ്ങൾ ബാധ്യസ്ഥരാകുന്നു. ഈ അന്വേഷണത്തിനുള്ള ഉത്തരമാണ് പ്രവാചകനും അദ്ദേഹം ഓതിക്കേൾപ്പിക്കുന്ന ഖുർആനും. ഇപ്പോൾ അതിന്റെ പ്രഥമവാഹകരായി അല്ലാഹു നിങ്ങളെ നിയോഗിച്ചിരിക്കുകയാണ്. നിങ്ങളിലാരെങ്കിലും ഈ പ്രവാചകനെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും തള്ളിക്കളയുകയാണെങ്കിൽ അതിന്റെ ദോഷം ഈ പ്രവാചകന്നോ അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കോ അദ്ദേഹത്തെ നിയോഗിച്ച അല്ലാഹുവിനോ അല്ല; പ്രത്യുത നിങ്ങൾക്കു മാത്രമാകുന്നു. സത്യത്തോടും ധർമത്തോടും ധിക്കാരവും നിഷേധവും തജ്ജന്യമായ നടപടികളും, സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിങ്കൽ നിങ്ങളോട് അവജ്ഞയും നിന്ദയും നിറഞ്ഞ വെറുപ്പുമല്ലാതെ മറ്റൊന്നും വളർത്തുന്നില്ല.

مَقْت- ഭാഷയിൽ കോപവും വെറുപ്പുമാണ്. തന്നേക്കാൾ ഉയർന്നവരോ തനിക്ക് സമാനരോ മാന്യരായി ഗണിക്കാത്തവരോ ആയ ആളുകളോടുണ്ടാകുന്ന കോപത്തിനും രോഷത്തിനും غضب - غيض - سخط തുടങ്ങിയ പദങ്ങളാണ് അധികവും ഉപയോഗിക്കാറുള്ളത്. കോപത്തോടൊപ്പം അവജ്ഞയും നിന്ദയും ജുഗുപ്സയും കൂടി ഉൾക്കൊള്ളുന്നതാണ് مَقْت-. 4:22-ൽ പിതാക്കന്മാരുടെ ഭാര്യയായിരുന്നുവരെ മക്കൾ വിവാഹം ചെയ്യുന്നതിനെക്കുറിച്ച് إِنَّهُۥ كَانَ فَٰحِشَةً وَمَقْتًا وَسَآءَ سَبِيلًا (അത് തികച്ചും മ്ലേഛമാകുന്നു, വെറുക്കപ്പെട്ടതാകുന്നു, വഷളായ സമ്പ്രദായവുമാകുന്നു) എന്നു പറഞ്ഞതിൽ വെറുക്കപ്പെട്ടത് -مَقْتًا- എന്നു പറയുന്നത് 'ജുഗുപ്സാവഹമാകുന്നു' എന്ന അർഥത്തിലാണ്.

മുഹമ്മദീയ പ്രബോധനം സ്വീകരിക്കുന്നത് തങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും ഹാനികരമാകുമെന്നും മറ്റുള്ളവർ തങ്ങളെ പുതുമതക്കാർ എന്നു പറഞ്ഞ് അപമാനിക്കുമെന്നും കരുതിയാണ് ഖുറൈശികൾ പ്രവാചകനെയും ഖുർആനിനെയും തള്ളിപ്പറഞ്ഞിരുന്നത്. ഈ നിഷേധത്തിലൂടെ തങ്ങളുടെ അന്തസ്സും പ്രതാപവും സംരക്ഷിക്കാമെന്നാണ് അവർ കരുതുന്നതെങ്കിലും യഥാർഥത്തിൽ അല്ലാഹുവിങ്കൽ അവരോടുള്ള വെറുപ്പും നിന്ദയും മാത്രമാണ് വളർത്തിക്കൊണ്ടിരിക്കുന്നത്. 40:10-ൽ വിചാരണാ നാളിലെ അവസ്ഥ ചിത്രീകരിക്കുന്നതിങ്ങനെ:

إِنَّ ٱلَّذِينَ كَفَرُوا۟ يُنَادَوْنَ لَمَقْتُ ٱللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى ٱلْإِيمَٰنِ فَتَكْفُرُونَ ﴿١٠﴾

(സത്യനിഷേധികൾ വിളിച്ചറിയിക്കപ്പെടുന്നു: ഇന്ന് നിങ്ങൾക്ക് നിങ്ങളോടു തന്നെ തോന്നുന്ന അവജ്ഞയും നിന്ദയും നിറഞ്ഞ വെറുപ്പിനേക്കാൾ വലുതായിരുന്നു സത്യവിശ്വാസത്തിലേക്കു വിളിക്കപ്പെട്ടപ്പോൾ അതു നിഷേധിച്ച നിങ്ങളോട് അല്ലാഹുവിനുണ്ടായിരുന്നത്). സത്യനിഷേധികൾ ഇപ്പോൾ പ്രകടിപ്പിക്കുന്ന അന്തസ്സും അഭിമാനവുമെല്ലാം ഉയിർത്തെഴുന്നേൽപുനാളിൽ ആത്മനിന്ദയും സ്വയം ഭർത്സനവുമായി മാറുമെന്നുകൂടി ഈ സൂക്തം സൂചിപ്പിക്കുന്നു.

നിഷേധം വളരുന്ന മുറക്ക് അല്ലാഹുവിന്റെ നിന്ദയും വെറുപ്പും വളരുന്നു. അടിമയോട് അല്ലാഹുവിന്റെ വെറുപ്പ് വളരുക എന്നാൽ പരലോകത്ത് സകല നന്മകളും നഷ്ടപ്പെടുകയാണ്. കുഫ്റിൽ തുടരുന്ന മുറക്ക് ആ നഷ്ടം, തിടംവെച്ചുകൊണ്ടുമിരിക്കും.

لَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ عِندَ رَبِّهِمْ إِلَّا مَقْتًا وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ إِلَّا خَسَارًا

(കാഫിറുകൾക്ക് അവരുടെ കുഫ്റ് നാഥങ്കൽ വെറുപ്പല്ലാ

തെ വളർത്തുന്നില്ല, കാഫിറുകൾക്ക് അവരുടെ കുഫ്‌റ് നഷ്ട മല്ലാതെ വളർത്തുന്നില്ല) എന്ന വാക്യത്തെ വ്യാഖ്യാതാക്കൾ രണ്ടു തരത്തിൽ വിശകലനം ചെയ്യുന്നുണ്ട്: 1) ഈയാളുകൾ പ്രായോഗിക കാഫിറുകളാകുന്നതിനു മുമ്പേ സ്വഭാവത്തിലും പ്രകൃതിയിലും കാഫിറുകളായിരുന്നു. അസത്യങ്ങളോടും അധർമങ്ങളോടുമായിരുന്നു അവർക്ക് ആഭിമുഖ്യം. ആ സ്വഭാവം തന്നെ അവരെ അല്ലാഹുവിന്റെ വെറുപ്പിനു പാത്രമാക്കി. പിന്നെ കുഫ്‌റ് ജീവിതശൈലിയായി സ്വീകരിക്കുകയും അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ അല്ലാഹുവിന്റെ വെറുപ്പും അതുവഴി അവരുടെ പരലോക നഷ്ടവും വളർന്നുകൊണ്ടിരിക്കുന്നു. 2) സത്യനിഷേധം അല്ലാഹു വെറുക്കുന്ന കാര്യമാണ്. നിഷേധത്തിൽ തുടരുന്നിടത്തോളം കാലം അവരോടുള്ള ദൈവകോപവും അതുവഴി അവരുടെ പരലോക നഷ്ടവും വളർന്നുകൊണ്ടേയിരിക്കും. രണ്ടു വ്യാഖ്യാനങ്ങളുടെയും സാരാംശം ഒന്നു തന്നെയാണ്.

خلفاء-ന് പ്രതിനിധികൾ എന്ന് അർഥം കൽപിക്കുമ്പോൾ ആശയം ഇതാണ്: നിങ്ങളെ ഈ ഭൂമി കൈകാര്യം ചെയ്യാൻ, അതിൽ അവന്റെ പ്രതിനിധികളായി പ്രവർത്തിക്കാൻ നിയോഗിച്ചിരിക്കുകയാണ് അല്ലാഹു. പ്രതിനിധി ഒരിക്കലും യഥാർഥ ഉടമയോ പരമാധികാരിയോ ആകുന്നില്ല. ആരാണോ അവരെ പ്രതിനിധികളാക്കിയത് അവനാണ് യഥാർഥ ഉടമയും പരമാധികാരിയും. പ്രാതിനിധ്യം നൽകപ്പെട്ടിരിക്കുന്നതെന്തിലാണോ അതിൽ ആ പരമാധികാരിയുടെ അഭീഷ്ടങ്ങളും താൽപര്യങ്ങളും നടപ്പിലാക്കുക മാത്രമാണ് പ്രതിനിധിയുടെ ഉത്തരവാദിത്തം. പ്രതിനിധി സ്വയം ഉടമയും പരമാധികാരിയുമായി ചമയുന്നത് ധിക്കാരവും അക്രമവുമാകുന്നു. മനുഷ്യൻ ഭൂമിയിൽ അല്ലാഹുവിന്റെ പ്രാതിനിധ്യം നിർവഹിക്കേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രവാചകനും വേദഗ്രന്ഥവും ആഗതമായിരിക്കുന്നത്. خَلَٰٓئِف പിൻഗാമികളായാലും പ്രതിനിധികളായാലും സൂക്തം ഉദ്ബോധിപ്പിക്കുന്ന ആദർശം ഒന്നുതന്നെയാണ്. ●

---

قُلْ أَرَءَيْتُمْ شُرَكَآءَكُمُ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ أَمْ ءَاتَيْنَٰهُمْ كِتَٰبًا فَهُمْ عَلَىٰ بَيِّنَتٍ مِّنْهُ ۚ بَلْ إِن يَعِدُ ٱلظَّٰلِمُونَ بَعْضُهُم بَعْضًا إِلَّا غُرُورًا ﴿٤٠﴾

40. പ്രവാചകൻ അവരോടു ചോദിച്ചുനോക്കുക: അല്ലാഹുവിനെ വെടിഞ്ഞ് പ്രാർഥിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ പങ്കാളികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? എനിക്കൊന്നു കാണിച്ചുതരിക, അവരെന്താണീ ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളത്? അതല്ലെങ്കിൽ വാനലോകത്തിൽ അവർക്കു വല്ല പങ്കുമുണ്ടോ? അതുമല്ലെങ്കിൽ നാം അവർക്ക് വല്ല വേദവും നൽകിയിട്ടുണ്ടോ? അതിലുള്ള പ്രമാണമനുസരിച്ച് ചരിക്കുകയാണോ അവർ? ഇതൊന്നുമല്ല, ധിക്കാരികൾ പരസ്പരം വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നത് കേവലം വ്യാമോഹങ്ങളാകുന്നു.

**40**

നീ പറയുക (പ്രവാചകൻ അവരോടു ചോദിച്ചുനോക്കുക) = قُلْ

നിങ്ങളുടെ പങ്കാളികളെ കുറിച്ച് = شُرَكَآءَكُمْ നിങ്ങൾ കണ്ടിട്ടുണ്ടോ, ആലോചിച്ചുനോക്കിയിട്ടുണ്ടോ = أَرَءَيْتُمْ

അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരായ = ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ

അവരെന്താണ് സൃഷ്ടിച്ചിട്ടുള്ളത് = مَاذَا خَلَقُوا۟ നിങ്ങൾ എനിക്ക് (ഒന്നു) കാണിച്ചുതരിക = أَرُونِى

അതല്ലെങ്കിൽ വാനലോകത്തിൽ അവർക്ക് പങ്കുണ്ടോ = أَمْ لَهُمْ شِرْكٌ فِى ٱلسَّمَٰوَٰتِ ഭൂമിയിൽനിന്ന് = مِنَ ٱلْأَرْضِ

അതുമല്ലെങ്കിൽ നാം അവർക്കു വല്ല വേദവും നൽകിയിട്ടുണ്ടോ? = أَمْ ءَاتَيْنَٰهُمْ كِتَٰبًا

അതിൽനിന്നുള്ള പ്രമാണത്തിന്മേലാണോ (ണമനുസരിച്ച് ചരിക്കുകയാണോ) അവർ = فَهُمْ عَلَىٰ بَيِّنَتٍ مِّنْهُ

ധിക്കാരികൾ പരസ്പരം വാഗ്ദാനം ചെയ്തുകൊണ്ടിരിക്കു(ന്നത്) ന്നില്ല = إِن يَعِدُ ٱلظَّٰلِمُونَ بَعْضُهُم بَعْضًا (ഇതൊന്നും) അല്ല = بَلْ

വഞ്ചന അല്ലാതെ (കേവലം വ്യാമോഹങ്ങളാകുന്നു) = إِلَّا غُرُورًا

ബഹുദൈവ വിശ്വാസത്തിലും വിഗ്രഹാരാധനയിലും മൂടുറച്ചുപോയ ഖുറൈശികളോട് സംവദിക്കാൻ പ്രവാചകനോട് നിർദേശിക്കുകയാണ്. أَرَءَيْتُمْ- നിങ്ങൾ കണ്ടുവോ- എന്ന വാക്യത്തിന്റെ താൽപര്യം നിങ്ങൾ ആലോചിച്ചുവോ, ചിന്തിച്ചു നോക്കിയിട്ടുണ്ടോ എന്നാണ്. شُرَكَآءَكُمْ- നിങ്ങളുടെ പങ്കാളികൾ- എന്നു പറയുന്നത് ദൈവത്തിന്റെ പങ്കാളികളും അവരുടെ രക്ഷകരുമായി സങ്കൽപിച്ചു പൂജിച്ചുവരുന്ന ദേവീദേവന്മാരെയും വിഗ്രഹങ്ങളെയും ഉദ്ദേശിച്ചാണ്. ഈ സൂക്തം പരാമർശിക്കുന്ന شرك സൃഷ്ടിയിലും ഉടമസ്ഥതയിലും അധികാരത്തിലുമുള്ള ഭാഗഭാഗിത്വമാണ്. كِتَٰب വേദം. വേദപ്രമാണമാണ് بَيِّنَت. വ്യാജവാഗ്ദാനങ്ങൾ കൊണ്ട് പ്രലോഭിപ്പിച്ച് ആളുകളെ വിഗ്രഹാരാധനയിലേക്കു നയിക്കുന്ന നേതാക്കളെയും ആ വാഗ്ദാനങ്ങൾ അപ്പടി വിഴുങ്ങി വിഗ്രഹഭക്തരാകുന്ന നീതന്മാരെയുമാണ് ٱلظَّٰلِمُونَ എന്നു വിളിച്ചിരിക്കുന്നത്. അക്രമവും അധർമവും ധിക്കാരവുമൊക്കെയാണ് ظلم. ബഹുദൈവാരാധനയെയും ഖുർആൻ

ظلم عظيم-കൊടിയ അക്രമം- എന്നു പറഞ്ഞിട്ടുണ്ട്. ظلم-ന്റെ കർതൃവചനമാണ് ظالم. വഞ്ചനക്കും ആത്മവഞ്ചനയിലകപ്പെടുന്നതിനും വ്യാമോഹത്തിനും ഉപയോഗിക്കുന്ന പദമാണ് غُرُور. ഇവിടെ ഉദ്ദേശ്യം വ്യാമോഹമാണ്.

സൂക്തസാരം: സഹോദരങ്ങളേ, അല്ലാഹുവിന്റെ പങ്കാളികളും നിങ്ങളുടെ രക്ഷകരുമായി കരുതി നിങ്ങൾ ആഗ്രഹസാഫല്യത്തിനും ആപത് രക്ഷക്കും വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ദേവീദേവന്മാരുടെയും മൂർത്തികളുടെയും ശക്തിയെയും അധികാരത്തെയും കുറിച്ച് ചിന്തിച്ചുനോക്കിയിട്ടുണ്ടോ? അവർ വല്ലതും സൃഷ്ടിക്കുന്നുണ്ടോ?' സംഹരിക്കുന്നുണ്ടോ, സംരക്ഷിക്കുന്നുണ്ടോ? ഈ ഭൂമിയിൽ അവർ ഇതൊന്നും ചെയ്യുന്നതായി ഞാൻ കാണുന്നില്ല. നിങ്ങൾ കാണുന്നുണ്ടെങ്കിൽ ദയവുചെയ്ത് അതൊന്ന് എനിക്കു കാണിച്ചുതരൂ. അതല്ല വാനലോകത്താണ് ഈ ദൈവങ്ങൾ വിഹരിക്കുന്നതെങ്കിൽ ആകാശലോകത്തിന്റെ സൃഷ്ടിയിലും സ്ഥിതിയിലും ഉടമസ്ഥതയിലും അധികാരത്തിലുമൊക്കെ ഈ ദൈവങ്ങൾക്കുള്ള പങ്ക് എന്താണെന്ന് വിശദീകരിച്ചുതരൂ. ആകാശലോകത്തിന്റെ വിവരങ്ങളറിയാനുള്ള മാധ്യമം അല്ലാഹു അവതരിപ്പിച്ചുതരുന്ന വേദങ്ങളാണല്ലോ. അല്ലാഹു നിങ്ങൾക്ക് ഏതെങ്കിലും വേദം അവതരിപ്പിച്ചുതന്നിട്ടുണ്ടോ? ഇന്നിന്ന ദേവീദേവന്മാർ, മലക്കുകൾ, ജിന്നുകൾ, പുണ്യാത്മാക്കൾ, പ്രതിഷ്ഠകൾ തുടങ്ങിയവർക്ക് അല്ലാഹു അവന്റെ ദിവ്യത്വം പങ്കുവെച്ചിരിക്കുന്നുവെന്നും ആയതിനാൽ സമ്പദ്സമൃദ്ധിക്കും രോഗശാന്തിക്കും ദീർഘായുസ്സിനും ശത്രുസംഹാരത്തിനും പ്രണയസാഫല്യത്തിനുമൊക്കെ ഇന്നിന്നവരെ പൂജിച്ചുകൊള്ളണമെന്നും അനുശാസിക്കുന്ന പ്രമാണങ്ങൾ ആ വേദത്തിലുണ്ടോ? ആ പ്രമാണങ്ങളനുസരിച്ചാണോ നിങ്ങൾ ബഹുദൈവങ്ങളിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്? ഇതിനൊന്നും തൃപ്തികരമായ ഒരു മറുപടിയും നിങ്ങളുടെ പക്കലില്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളിലും അല്ലാഹുവിന്റെ ദിവ്യത്വത്തിലും പങ്കാളികളായ ബഹുദൈവങ്ങളുണ്ടെന്ന നിങ്ങളുടെ വിശ്വാസം വൈദികമായും ബുദ്ധിപരമായും തികഞ്ഞ അസംബന്ധമാകുന്നു. വേദങ്ങളായ വേദങ്ങളൊക്കെ പ്രബോധനം ചെയ്തിട്ടുള്ളത് ഏകദൈവ വിശ്വാസമാണ്. വല്ല വേദത്തിലും അതിനെതിരായ പരാമർശങ്ങളുണ്ടെങ്കിൽ അത് പിന്നീട് ചേർക്കപ്പെട്ട പ്രക്ഷിപ്തങ്ങളാണ്. കോടാനുകോടി വർഷങ്ങളായി കൃത്യമായ വ്യവസ്ഥയോടെ അഭംഗുരം നിലനിൽക്കുന്ന ഈ അണ്ഡകടാഹത്തിന്റെ സ്രഷ്ടാവും പരിപാലകനും ഒന്നിലധികം ദൈവങ്ങളാണെന്ന സങ്കൽപം സാമാന്യ ബുദ്ധിയും സമ്മതിക്കുന്നതല്ല. അസത്യത്തിന്റെയും അധർമത്തിന്റെയും വൈതാളികർ വാദിച്ചുകൊണ്ടിരിക്കുന്നതും പരസ്പരം വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നതുമൊക്കെയും കേവലം വ്യാമോഹങ്ങളാകുന്നു എന്നതത്രെ യാഥാർഥ്യം.

ഈ പ്രസ്താവന പൗരാണിക വിഗ്രഹാരാധകരുടെ കാര്യത്തിലെന്നപോലെ ഒരുപക്ഷേ അതിലധികം ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിഗ്രഹാരാധകരുടെ കാര്യത്തിലും സത്യമാകുന്നു. ഇന്ത്യയിലെ അവസ്ഥ ആലോചിച്ചുനോക്കുക. സങ്കൽപ സൃഷ്ടികൾക്കും പുണ്യാത്മാക്കൾക്കും പുറമെ മുള്ളുമുരടുമൂർഖൻ പാമ്പുവരെയല്ല, ഇപ്പോഴിതാ കൊറോണാ വൈറസ് വരെ ഇന്ത്യയിൽ ദൈവങ്ങളായിരിക്കുന്നു! ആൾദൈവങ്ങളുടെ പട വേറെയും. ആരാധകരുടെ ആപത്തുകളകറ്റുകയും ആഗ്രഹങ്ങൾ സഫലീകരിച്ചുകൊടുക്കുകയുമാണ് എല്ലാ ദൈവങ്ങളുടെയും പണി. മനുഷ്യന്റെ മനസ്സും കർമവും സംസ്കരിക്കുന്ന പണി ആർക്കുമില്ല. ചില ആൾദൈവങ്ങൾ കൊലപാതകം, അനാശാസ്യ പ്രവർത്തനം, ധനാപഹരണം തുടങ്ങിയ ക്രിമിനൽ കേസുകളിൽ പ്രതികളായി കാരാഗൃഹത്തിൽ ശിക്ഷയനുഭവിക്കുകയാണ്. സ്വയം രക്ഷിക്കാൻ പോലും അവർക്കാവുന്നില്ല. എന്നിട്ടും ഇന്ത്യയിൽ ആൾദൈവ ചന്തക്ക് ഒരു മാന്ദ്യവുമില്ല. കേരളത്തിലെ ഒരു മർക്കടപ്രതിഷ്ഠയെ ആരാധിക്കാൻ വിദേശരാജ്യങ്ങളിൽനിന്നുവരെ ഭക്തരെത്തുന്നു. പത്രങ്ങളിൽ ഭാഗ്യവിൽപനപ്പരസ്യങ്ങളുടെ വേലിയേറ്റമാണ്. മന്ത്രച്ചരടുകൾ, ഏലസ്സുകൾ, രക്ഷകൾ, വിശിഷ്ട പൂജകൾ ചെയ്ത് നിർമിച്ച പഞ്ചലോഹ വിഗ്രഹങ്ങൾ ഒന്നുവാങ്ങി ധരിച്ചാൽ മതി ഉടനെ ദരിദ്രപ്പരിഷകൾ കോടീശ്വരന്മാരായി മാറുന്നു! മാറാരോഗികൾ എല്ലാം സുഖപ്പെട്ട് പൂർണാരോഗ്യവാന്മാരായിത്തീരുന്നു! പ്രണയം എന്നല്ല സകല മോഹങ്ങളും അനായാസം സഫലമാകുന്നു! കാമക്രോധ ലോഭാദി തമോഗുണങ്ങൾ സൃഷ്ടിക്കുന്ന വ്യാമോഹങ്ങളാണിന്ന് നാട്ടിലെ ഏറ്റവും ഡിമാന്റുള്ള ചരക്ക്. ഈ ചരക്ക് മോഹവിലയ്ക്ക് വിറ്റഴിക്കാനുള്ള മാധ്യമമാകുന്നു ബഹുദൈവവിശ്വാസവും വിഗ്രഹപൂജയും. ദിവ്യത്വത്തെ ബഹുവിധം പങ്കുവെക്കുക, ആ പങ്കാളികളെ ദൃശ്യവൽക്കരിക്കുക. എന്നിട്ടവയെ മനുഷ്യന്റെ ക്ഷുദ്രകാമനകൾ തൃപ്തിപ്പെടുത്തുന്ന ഏജന്റുമാരാക്കുക. ഈ ഏജന്റുമാരുടെ ഏജന്റുമാരാണ് പുരോഹിതന്മാരും ആൾദൈവങ്ങളും സിദ്ധന്മാരുമൊക്കെ. ഈ കച്ചവടത്തിന്റെ മുഴുവൻ ലാഭവും പോകുന്നതവർക്കാണ്. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും ഇല്ലാതായാൽ ഈ കച്ചവടം മുച്ചൂടും തകർന്നുപോകും.

സാക്ഷാൽ ദൈവം ഏകനും അഖണ്ഡനും അഗോചരനുമാണ്. ദിവ്യത്വത്തിന് പല അവകാശികളുണ്ടാവുക അസാധ്യം. അതിഭൗതികനും അഗോചരനുമായ സാക്ഷാൽ ദൈവം ഭൗതിക സൃഷ്ടികൾക്ക് ഗോചരമാവുക എന്നതും അപ്രകാരം തന്നെ. ദൈവമല്ലാത്തതെല്ലാം അവന്റെ സൃഷ്ടികളാണ്. സൃഷ്ടികളൊക്കെയും അടിമകളും. ഒരു സൃഷ്ടിക്കും സ്രഷ്ടാവിന്റെ ദിവ്യത്വത്തിലോ അധികാരാവകാശങ്ങളിലോ ഒരു പങ്കുമില്ല. അതുകൊണ്ട് മനുഷ്യൻ പ്രാർഥിക്കേണ്ടത് സ്രഷ്ടാവും ഉടമയുമായ സാക്ഷാൽ ദൈവത്തെ, അല്ലാഹുവിനെ മാത്രമാണ്. അവൻ എല്ലായിടത്തുമുണ്ട്. أَيْنَمَا تُوَلُّوا۟ فَثَمَّ وَجْهُ ٱللَّهِ (നിങ്ങൾ എങ്ങോട്ടു തിരിഞ്ഞാലും അവിടെയെല്ലാം അല്ലാഹുവുണ്ട് - 2:115). അവന്റെ സാമീപ്യത്തിന് വിഗ്രഹങ്ങളുടെയോ പുരോഹിതന്മാരുടെയോ മാധ്യസ്ഥം വേണ്ട. അവർക്കൊന്നും അല്ലാഹുവിനും അവന്റെ അടിമക്കുമിടയിൽ മാധ്യസ്ഥരാവാൻ കഴിയുകയുമില്ല. യാതൊരു മാധ്യസ്ഥത്തിന്റെയും ആവശ്യമില്ലാത്തവിധം അവൻ സ്വന്തം സൃഷ്ടികൾക്ക് സമീപസ്ഥനാണ്. إِنِّى قَرِيبٌ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ (ഞാൻ എന്റെ ദാസന്മാർക്ക് സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിച്ചാൽ ഞാൻ ഉത്തരം നൽകുന്നു - 2:186). ٱدْعُونِىٓ أَسْتَجِبْ لَكُمْ (നിങ്ങൾ എന്നോടു പ്രാർഥിക്കുവിൻ, ഞാൻ ഉത്തരം നൽകാം - 40:60). ഈ വിഷയം നേരത്തേ 7:194,198, 22:73 സൂക്തങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അധികവായനക്ക് *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ നോക്കുക. ●